# ബലിപെരുന്നാളിന്റെ കഥ

● ബഷീർ തൃപ്പനച്ചി

**സന്തോഷത്തിന്റെയും ത്യാഗത്തിന്റെയും സന്ദേശവുമായി ബലിപെരുന്നാൾ വന്നെത്തുന്നു**

കൂട്ടുകാരേ, ഹജ്ജ് കർമവുമായി ബന്ധപ്പെട്ടാണ് ബലിപെരുന്നാൾ ആഘോഷിക്കുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ. ഹജ്ജ് പെരുന്നാൾ എന്നും ബലി പെരുന്നാൾ അറിയപ്പെടാറുണ്ട്. ബലിപെരുന്നാളിനും ഹജ്ജിലെ അനുഷ്ഠാന കർമങ്ങൾക്ക് പിന്നിൽ ഒരു കുടുംബത്തിന്റെ ത്യാഗ പരിശ്രമങ്ങളുടെ ചരിത്രമുണ്ട്. ഒരു പിതാവും മാതാവും അഞ്ചുവയസ്സുകാരൻ കുട്ടിയുമുൾപ്പെടുന്ന കുടുംബത്തിന്റെ ചരിത്രമാണത്. ദൈവിക മാർഗത്തിൽ എന്തും ത്യജിക്കാൻ തയ്യാറായ ഒരു കുടുംബത്തിന്റെ സമർപ്പണ ജീവിത കഥയാണത്. ഇബ്രാഹീം നബിയും പത്നി ഹാജറാബീവിയും മകൻ ഇസ്മാഈൽ നബിയുമാണ് ഈ ചരിത്രത്തിലെ കഥാപാത്രങ്ങൾ. ഹജ്ജ് കർമത്തിലെ സഫാ -മർവാ



▸▸ കെ.പി.എ.സി യുടെ പൂർണരൂപം കേരള പീപ്പ്ൾസ് ആർട്സ് ക്ലബ്ബ്



കുന്നുകൾക്കിടയിലെ നടത്തവും ജംറയിൽ കല്ലെറിയലും മൃഗബലിയും സംസവുമൊക്കെ ഈ കുടുംബത്തിന്റെ ജീവചരിത്രത്തിലെ ചില അധ്യായങ്ങളാണ്. ലോകാവസാനം വരെയുള്ള മനുഷ്യർ ഈ കുടുംബത്തെ കുറിച്ച് പഠിക്കാനും മാതൃകയാക്കാനും വേണ്ടിയാണ് ഹജ്ജിലും ബലിപെരുന്നാളിലുമൊക്കെ ഈ സംഭവങ്ങൾ പടച്ചവൻ ഉൾചേർത്തിട്ടുള്ളത്.

ബാബിലോണിയ (ഇറാഖ്) യിലെ ഊർ പട്ടണത്തിലാണ് ഇബ്രാഹീം നബി ജനിച്ചത്. ഏകദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന് പറഞ്ഞതിന്റെ പേരിൽ ആ നാട്ടിലെ ജനങ്ങളും രാജാവ് നിംറൂദും അദ്ദേഹത്തെ പലവിധത്തിൽ പീഡിപ്പിച്ചു. വീട്ടുകാർ പുറത്താക്കി. ജൻമനാട്ടിൽ നിന്ന് രക്ഷപ്പെട്ട് അദ്ദേഹം ഫലസ്തീനിലെത്തി.

വർഷങ്ങൾ കഴിഞ്ഞുപോയി. ഇബ്രാഹീം നബിക്ക് പ്രായമായി. മക്കളില്ലാത്തതിന്റെ സങ്കടത്തിലായിരുന്നു അദ്ദേഹം. വാർധക്യത്തിൽ ഇബ്രാഹീം നബിക്കും ഹാജറാബീവിക്കും ഒരു കുഞ്ഞ് പിറന്നു. ആ കുട്ടിയാണ് ഇസ്മാഈൽ.

എന്നാൽ ആ കുടുംബത്തെ ഒന്ന് പരീക്ഷിക്കാൻ പടച്ചവൻ തീരുമാനിച്ചു.കുഞ്ഞായ ഇസ്മാഈലിനെയും ഉമ്മ ഹാജറാബീവിയെയും ഫലസ്തീനിൽ നിന്ന് ദൂരെയുള്ള ജനവാസമില്ലാത്ത മക്ക മണലാരണ്യത്തിൽ പാർപ്പിക്കണമെന്ന് പടച്ചവൻ ആവശ്യപ്പെട്ടു. ആ കുടുംബം അതിന് തയ്യാറായി. അവരെ അവിടെ തനിച്ചാക്കി ഇബ്രാഹീം നബി ഫലസ്തീനിലേക്ക് മടങ്ങി. കുറച്ച് ദിവസത്തേക്കുള്ള ഭക്ഷണവും കുടിവെള്ളവും അവർക്ക് നൽകിയിരുന്നു. അത് തീർന്നതോടു കൂടി കുടിവെള്ളം പോലും കിട്ടാതെ ആ പിഞ്ചുകുഞ്ഞ് കരയാൻ തുടങ്ങി. വെള്ളമന്വേഷിച്ച് ഹാജറാബീവി സഫ, മർവ മലകൾക്കിടയിൽ പല തവണ കയറിയിറങ്ങി. ദൈവസഹായത്താൽ പക്ഷേ, ഇസ്മാഈൽ കാലിട്ടടിച്ച സ്ഥലത്ത് ഉറവ പൊന്താൻ തുടങ്ങി. അതാണ് ഇന്നും വറ്റാത്ത ഉറവയായി നിലകൊള്ളുന്ന സംസം വെള്ളം.

ഇസ്മാഈൽ നബിക്ക് അഞ്ച് വയസ്സായപ്പോഴാണ് ദൈവം അവരെ



▸▸ ഇടശ്ശേരിയുടെ ഏറ്റവും പ്രസിദ്ധമായ നാടകം– കൂട്ടുകൃഷി



രണ്ടാമതും പരീക്ഷിക്കുന്നത്. കുഞ്ഞു ഇസ്മാഈലിനെ ദൈവമാർഗത്തിൽ ബലിനൽകണമെന്നായിരുന്നു ദൈവത്തിന്റെ നിർദേശം. ആ പിതാവ് ഏറെ സങ്കടപ്പെട്ടു. ആറ്റുനോറ്റുണ്ടായ മോനാണ്, പക്ഷെ ദൈവം കൽപിച്ചാൽ എന്തു ചെയ്യും? ആദ്യം ഹാജറാബീവിയോട് കാര്യം പറഞ്ഞു, പിന്നീട് ഇസ്മാഈലിനോടും. ദൈവം കൽപിച്ചതല്ലേ, ചെയ്തുകൊള്ളാനാണ് രണ്ടുപേരും പറഞ്ഞത്. ആ കുടുംബത്തിലെ മൂന്നുപേരും ദൈവിക മാർഗത്തിൽ എല്ലാം സമർപ്പിക്കാൻ സന്നദ്ധരായിരുന്നു. അങ്ങനെയവർ ബലിക്കൊരുങ്ങി. അതോടെ പടച്ചവൻ ആ കുടുംബത്തിന്റെ സമർപ്പണത്തിൽ സംതൃപ്തനായി, പരീക്ഷണമവസാനിപ്പിച്ചു. കുഞ്ഞിനെ ബലിയറുക്കേണ്ടെന്നും പകരം ഒരാടിനെ ബലിയറുത്താൽ മതിയെന്നും കൽപിച്ചു. ആ ഓർമ പുത്തുക്കാനാണ് ഹജ്ജ് കർമത്തിന്റെ ഭാഗമായും പെരുന്നാളിന്റെ ഭാഗമായും ലോകമെങ്ങുമുള്ള വിശ്വാസികൾ ബലിയറുക്കുന്നത്. •



▸▸ വയലാർ രാമവർമ അച്ഛന്റെ മരണത്തെ കുറിച്ചെഴുതിയ കവിത – ആത്മാവിൽ ഒരു ചിത